# സഭാപ്രസംഗകന് 1 -6

കൊഹേലെത്ത് എന്ന ഹീബ്രുപദത്തിന്റെ ഏകദേശ തര്ജ്ജമയാണ് സഭാപ്രസംഗകൻ. സഭ വിളിച്ചുകൂട്ടുന്നവന് എന്നര്ഥം വരാവുന്ന ഒരു പദമാണത്. ഭാഷാസൗന്ദര്യത്താലും കരുത്തുറ്റ ബിംബങ്ങളാലും സമാലംകൃതമാണ് ഗ്രന്ഥം. തത്ത്വശാസ്ത്രപരവും കാവ്യാത്മകവുമായ കവിമനസ്സ് സുവിദിതമാണ്.

ഇതിലെ പേര്ഷ്യൻ പദങ്ങളുടെ സാന്നിധ്യം വിപ്രവാസാനന്തരകാല സൂചന നല്കുന്നതാണ്. ദാവീദിന്റെ പുത്രനും ജറുസലേമിൽ രാജാവും എന്നു ഗ്രന്ഥകാരന് തന്നെക്കുറിച്ച് പറയുമ്പോൾ സോളമനിലാണ് കര്ത്തൃത്വം ആരോപിക്കപ്പെടുന്നത്. എന്നാല്, ബി.സി. മുന്നൂറിനും ബി.സി. ഇരുന്നൂറിനും ഇടയില് ഏതോ യഹൂദ ചിന്തകൻ ഈ ഗ്രന്ഥം രചിച്ചു എന്നാണ് പൊതുവായ അഭിപ്രായം. ഒരുപക്ഷേ, ടോളമിമാർ പലസ്തീനായെ ഈജിപ്തുസാമ്രാജ്യത്തിന്റെ ഭാഗമാക്കിമാറ്റിയ കാലത്ത് രചിക്കപ്പെട്ടതാണിത്. ജനത്തിന് കനത്ത നികുതിഭാരം പേറേണ്ടിവന്ന ഒരു കാലമാണിത്. ഉത്പന്നങ്ങളായിട്ടല്ല, പണമായിത്തന്നെ നിശ്ചിതതുക നല്കേണ്ടിയിരുന്ന ജനം ഗത്യന്തരമില്ലാതെ സ്വയം അടിമകളായി വില്ക്കുന്ന അവസ്ഥവരെ ഉണ്ടായിരുന്നു. സമ്പന്നവര്ഗവും ഇടത്തരക്കാരും പാവപ്പെട്ട കര്ഷകരും തമ്മിലുള്ള അന്തരം ഭീമമായിരുന്നു. പരമ്പരാഗതമായുണ്ടായിരുന്ന കുടുംബബന്ധങ്ങൾക്കും മൂല്യങ്ങൾക്കും ക്ഷീണം സംഭവിച്ചു. വ്യക്തികൾ പലതട്ടുകളിലായി. ഇത്തരം ദുസ്സഹമായ ഒരു സാഹചര്യമാണ് കൊഹേലെത്തിന്റെ രചനാപശ്ചാത്തലം.

രണ്ടു രീതിയിലാണ് സാമ്പത്തിക-രാഷ്ട്രീയ-മതപ്രശ്നങ്ങളോട് കൊഹേലെത്ത് പ്രതികരിക്കുന്നത്: 1) കടുത്ത വിരക്തിയുടെ ആത്മീയത മുന്നോട്ടുവച്ചുകൊണ്ട്. ഗ്രന്ഥകര്ത്താവ് ഗ്രന്ഥത്തിലെ ഹെബെൽ (മിഥ്യ) എന്ന മുഖ്യഹീബ്രുപദത്തിന്റെ അക്ഷരങ്ങളുടെ ഗണനമൂല്യമായ (ഹെ=5; ബെത്=2; ലാമെദ്=30) മുപ്പത്തേഴുപ്രാവശ്യം അത് ആവര്ത്തിച്ചിരിക്കുന്നു. ആദ്യത്തെ അധ്യായത്തിലും അവസാനത്തെ അധ്യായത്തിലും മിഥ്യകളുടെ മിഥ്യ (ഹെബെൽ ഹെബാലീം, 1,2; 12,8) എന്ന പ്രയോഗം നടത്തിയിരിക്കുന്നു; 2) നിലവിലുള്ള ഗ്രീക്കുജ്ഞാനത്തിന്റെ അടിത്തറയിളക്കാനുള്ള ശ്രമമാണ് അദ്ദേഹത്തിന്റെ രണ്ടാമത്തെ പ്രതികരണം. ജ്ഞാനം ഭോഷത്തത്തിന് ഉപരിയാണെന്നു വ്യക്തമാക്കുന്ന ഗ്രന്ഥകാരൻ (2,13.14a), തൊട്ടടുത്ത വരികളിൽത്തന്നെ (2,14b.15) മരണവിധിക്കുമുന്നിൽ ജ്ഞാനിക്ക് ഭോഷനെക്കാൾ ഒരു മേന്മയും അവകാശപ്പെടാനില്ല എന്നു കുറിച്ചിരിക്കുന്നതിൽ ഇതു പ്രകടമാണ്. ജ്ഞാനത്തിനു കേവലമൂല്യമില്ല എന്നതാണ് അദ്ദേഹത്തിന്റെ നിലപാട്.

മനുഷ്യജീവിതത്തിന്റെ അര്ഥത്തെയും ലക്ഷ്യത്തെയും കുറിച്ചുള്ള ചിതറിയ ചിന്തകൾ എന്നല്ലാതെ ഗ്രന്ഥത്തിന് വ്യക്തമായ ഒരു ഘടന നിര്ദേശിക്കുക എളുപ്പമല്ല. എന്നാൽ, അടിസ്ഥാനപരമായ ചില ആശയങ്ങൾ അവിടവിടെ ആവര്ത്തിക്കപ്പെടുന്നതിന്റെ വെളിച്ചത്തിൽ, ഗ്രന്ഥകാരന്റെ ജീവിതവീക്ഷണം അത്ര അവ്യക്തവുമല്ല. ദൈവത്തിന്റെ അധീശത്വവും ദൈവികപദ്ധതികളും അദ്ദേഹം അംഗീകരിക്കുന്നുണ്ട്. പക്ഷേ, ആ

ദൈവവിചാരം വൈരുദ്ധ്യാത്മകശൈലിയിലൂടെയാണ് മുന്നോട്ടുപോകുന്നത്. ഇരുട്ടിൽ നിശ്ശബ്ദനായി നില്ക്കുന്ന ദൈവത്തെ ആദരിച്ചംഗീകരിക്കണം, ദൈവത്തെ ദൈവമാകാൻ വിടണം (cf. 5,2b) എന്നാണ് അദ്ദേഹത്തിനു പറയാനുള്ളത്. ലാഭനഷ്ടക്കണക്കുകളും സംഖ്യകളുമെല്ലാം അദ്ദേഹത്തിനു പഥ്യമാണ്. ലാഭം (യിത്രോൺ) എന്ന ഹീബ്രുപദം 18 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. സൂര്യനു കീഴേ നടക്കുന്നതെല്ലാം - ഈ ലോകവും ഇതിലെ വ്യാപാരങ്ങളും നേട്ടങ്ങളും സുഖങ്ങളും എല്ലാം - മിഥ്യയാണ് എന്ന നിഗമനത്തിലാണ് ഗ്രന്ഥകാരന്റെ പര്യവേക്ഷണങ്ങൾ ചെന്നുനില്ക്കുന്നത്. ഗ്രന്ഥകാരന്റെ ചിന്താഗതികള് അവികലമാണ് എന്നു പറഞ്ഞുകൂടാ. പ്രവാസാനന്തര യഹൂദചിന്ത മക്കബായവിപ്ലവത്തിലൂടെ പ്രകടമായ വിശ്വാസദാര്ഢ്യത്തിന്റെയും പ്രത്യാശയുടെയും പാതയിലെത്തുന്നതിനു മുന്പുള്ള പരിവര്ത്തനദശയിലെ ഒരു കണ്ണിയായി സഭാപ്രസംഗകനെ ഗണിച്ചാല് മതി.

ഘടന

1,1-11 : ആമുഖം

1,12-6,9 : എട്ടു ഭാഗങ്ങളായി ജീവിതത്തെക്കുറിച്ചുള്ള വിചിന്തനങ്ങള്

6,10-12,14 : എട്ടു ഭാഗങ്ങളായി വിചിന്തനങ്ങളില്നിന്നുള്ള നിഗമനങ്ങള്

സ്ത്രീലിംഗരൂപമായ കൊഹേലെത് എന്ന പദം ( 1:1; 1:12; 7:27; 12:9–10). വിളിച്ചുചേര്ക്കുക എന്നര്ഥമുള്ള കഹാൽ എന്ന ക്രിയാരൂപത്തിൽനിന്ന് വരുന്നതാണ്. ഉദ്യോഗത്തെ സൂചിപ്പിക്കുന്ന ഇത്തരം സ്ത്രീലിംഗരൂപപ്രയോഗം ഹീബ്രുഭാഷാശൈലിയാണ്.

1,3 : ആമാൽ = അധ്വാനം / കഠിനപ്രയത്നം / പ്രയാസകരമായ തൊഴിൽ. **പ്രധാന വാക്യങ്ങൾ:** (സഭാപ്രസംഗ 1:3; 2:10–11,18–20,22; 3:9; 4:4,8; 5:14; 6:7) ഉല്പത്തി 3:17-ൽ മനുഷ്യന്റെ വീഴ്ചയ്ക്കുശേഷമുള്ള അധ്വാനവുമായി ഈ ആശയത്തിന് ശക്തമായ ബന്ധമുണ്ട്.

തഹത് ഹഷ്ശെമെശ് = സൂര്യന്റെ കീഴിൽ / ഈ ഭൂമിയിലെ മനുഷ്യജീവിതത്തിന്റെ പരിധിയിൽ. ഇത് സഭാപ്രസംഗിയുടെ ഏറ്റവും ശ്രദ്ധേയമായ ആവർത്തനപ്രയോഗങ്ങളിലൊന്നാണ്. (സഭാപ്രസംഗി 1:3,9,14; 2:11,17,20; 3:16; 4:1,7,15; 5:12; 6:1) ( **തഹത്** = കീഴിൽ) (**ഹഷ്ശെമെശ്** = സൂര്യൻ) അതിനാൽ അക്ഷരാർത്ഥത്തിൽ **"സൂര്യന്റെ കീഴിൽ"** എന്നാണ്.

ഏത് = സമയം : സഭാപ്രസംഗി 3:1–8-ൽ **ഏത്** എന്ന ആശയം വളരെ പ്രധാനമാണ്. ജനനം–മരണം, കരച്ചിൽ–ചിരി, വിലാപം–നൃത്തം, സ്നേഹം–വൈരം തുടങ്ങിയ ജീവിതത്തിലെ വിരുദ്ധാനുഭവങ്ങൾക്കും ഓരോ **കാലവും സമയവും** ഉണ്ടെന്ന് കോഹെലെത്ത് പറയുന്നു. ഇവിടെ മനുഷ്യന് സമയത്തിന്റെ പൂർണ്ണ നിയന്ത്രണം ഇല്ലെന്ന ആശയം വ്യക്തമാകുന്നു. ദൈവത്തിന്റെ സൃഷ്ടിക്രമത്തിനുള്ളിൽ മനുഷ്യജീവിതം **കാലപരിധിയുള്ളതും നിയന്ത്രിതവുമാണ്**.